## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2358**.

**07-10-2016 ൽ മറുപടിയ്ക്ക്**

### 'നമ്മുടെ നെല്ല് നമ്മുടെ അന്നം'

**ചോദ്യം**

ശ്രീ.സി. ദിവാകരൻ
,, ജി.എസ്.ജയലാൽ
,, ഇ.കെ.വിജയൻ
ശ്രീമതി സി.കെ. ആശ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | ഉണ്ട്. "നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽ കൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഈ വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉൽപ്പാദിച്ച അരി നൽകുന്നതിനും സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖരസമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും, വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.<br><br>നെൽകൃഷി മേഖലയിൽ പുതിയ ഉണർവ്വ് സൃഷ്ടിച്ച് ജൈവരീതിയിലുള്ള ശാസ്ത്രീയ കൃഷിമുറകളിലൂടെയും, ഗ്രൂപ്പ്ഫാമിംഗ്, യന്ത്രവൽക്കരണം, തരിശുനിലങ്ങളും, കരപ്പാടങ്ങളും നെൽകൃഷിയോഗ്യമാക്കൽ, മൂല്യവർദ്ധനവും, വിപണി സംവിധാനവും മെച്ചപ്പെടുത്തൽ, |

| | | | |
|---|---|---|---|
| | | | പരമ്പരാഗത നെല്ലിനങ്ങളുടെ സംരക്ഷണവും, വിത്ത് ബാങ്ക് തയ്യാറാക്കലും കൃഷി വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നെൽകൃഷി കൂടുതൽ ലാഭകരമാക്കി ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി 11/08/2016 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഏതൊക്കെ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് 1970 കളിൽ 8.5 ലക്ഷം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് വർഷംതോറും കുറഞ്ഞു കുറഞ്ഞു ഇപ്പോൾ രണ്ട് ലക്ഷം ഹെക്ടറിൽ താഴെയായിരിക്കുന്നു. കേരളത്തിന്റെ പ്രത്യേക സാമൂഹിക പശ്ചാത്തലത്തിൽ കൃഷിചെയ്യുവന്നിരുന്ന അത്രയും സ്ഥലങ്ങൾ തിരിച്ചുകൊണ്ടുവന്ന് സ്വയംപര്യാപ്തതയിൽ എത്തിച്ചേരുക എന്നത് വളരെ ബുദ്ധിമുട്ടേറിയ കാര്യമാണ്. ആയതിനാൽ നെൽകൃഷിയുടെ വിസ്തൃതി പരമാവധി വർദ്ധിപ്പിച്ചും നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും അരിയുടെ ആകെ ഉൽപ്പാദനം ഘട്ടം ഘട്ടമായി വർദ്ധിപ്പിക്കുന്നതാണ്.<br>അരിയുടെ ഉൽപ്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈ സർക്കാർ നെൽകൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കാനുതകുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയുടെ വ്യാപനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരനെൽ കൃഷി ഈ വർഷം ആദ്യഘട്ടം എന്ന |

നിലയിൽ 2560 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു. 2663 ഹെക്ടർ കൃഷി നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനു പുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കഴിഞ്ഞ 25 വർഷത്തിനുശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. 2016 ഒക്ടോബർ 20-നുമുമ്പായി വിത പൂർത്തീകരിക്കുന്നതാണ്. കൂടാതെ 160 ഹെക്ടർ വിസ്തൃതിയുള്ള മെത്രാൻ കായലിലും 56 ഹെക്ടർ വിസ്തൃതിയുള്ള ആറന്മുളയിലും നെൽകൃഷിയിറക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ആവളപാണ്ടി ഉൾപ്പെടെയുള്ള പാടശേഖരങ്ങളിലും 760 ഏക്കർ സ്ഥലത്ത് ഈ വർഷം നെൽകൃഷി പുനരാരംഭിക്കും. ഒരുപൂ കൃഷി ഇരുപൂ കൃഷിയാക്കിയും ഇരുപ്പൂ കൃഷി മൂന്ന് പൂ കൃഷിയാക്കിയും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഹെക്ടറിന് 7500/- രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

കൂടാതെ ചുവടെ ചേർക്കുന്ന വികസന പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

1.സുസ്ഥിര നെൽകൃഷി വികസനം

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്

3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം

4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള

| | | | |
|---|---|---|---|
| | | | പദ്ധതി-<br>5.കരനെൽകൃഷി വികസനം-<br>6.നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-<br>7.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)-<br>8.ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം)- |

സെക്ഷൻ ഓഫീസർ